## ബാലുശ്ശേരി, പേരാമ്പ്ര മണ്ഡലങ്ങളിലെ ജലവിതരണം

**222 (914)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവണ്ണാമൂഴി റിസർവ്വോയറിലെ അധികജലം വിനിയോഗിച്ച് ബാലുശ്ശേരി, പേരാമ്പ്ര മണ്ഡലങ്ങളിലെ ഗ്രാമപഞ്ചായത്തുകളിൽ ജലവിതരണത്തിനായി വാട്ടർ അതോറിറ്റി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(ബി) ഇതിനുവേണ്ടി പഞ്ചായത്ത് കേന്ദ്രങ്ങളിൽ ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തുകളോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(സി) കെ.ഡബ്ല്യു.എ. നിർദ്ദേശിച്ച സ്ഥലത്തുതന്നെ ഭൂമി ലഭ്യമാക്കണമെന്നതിനാൽ ഇതുസംബന്ധിച്ച അക്വിസിഷൻ നടപടികൾ ലളിതമാക്കാൻ നിർദ്ദേശങ്ങൾ നൽകാമോയെന്ന് വ്യക്തമാക്കാമോ ;

(ഡി) സ്ഥലം വാങ്ങുന്നതിന് പഞ്ചായത്തുകൾക്ക് കെ.എൽ.ജി. എസ്.ഡി.പി. പോലുള്ള പ്രത്യേക ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പെരുവണ്ണാമൂഴി റിസർവ്വോയറിലെ ജലം ഉപയോഗിച്ച് പേരാമ്പ്രയും സമീപമുള്ള മറ്റ് 18 പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ സർവ്വേ നടന്നുവരുന്നു.

(ബി) പഞ്ചായത്തുകളിൽ ആവശ്യമായ ജലസംഭരണികൾ നിർമ്മിക്കുവാനുള്ള സ്ഥലം ബന്ധപ്പെട്ട പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറേണ്ടതുണ്ട്. ഇതിനായി12-2-2015-ന് ബഹു. പേരാമ്പ്ര എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ മണ്ഡലത്തിലെ പഞ്ചായത്ത് അധികൃതരുടെ യോഗം ചേരുകയും ആവശ്യമായ സ്ഥലം കൈമാറണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 10-2-2015-ന് ബഹു. ബാലുശ്ശേരി എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ബാലുശ്ശേരി മണ്ഡലത്തിലെ പഞ്ചായത്ത് അധികൃതരുടെ യോഗം ചേരുകയും ആവശ്യമായ സ്ഥലം വാട്ടർ അതോറിറ്റിക്ക് കൈമാറണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി&ഡി) ആവശ്യമായ ഭൂമി ബന്ധപ്പെട്ട പഞ്ചായത്തുകൾ ലഭ്യമാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly